ഗസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകുന്ന നടപടി

79 [1976] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഗസ്റ്റ് ഹൗസുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകുകയുണ്ടായി; അവ ഏതെല്ലാം ;

(ബി) കെ. ടി. ഡി. സി.യുടെ എത്ര സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗസ്റ്റ് ഹൗസുകളൊന്നും തന്നെ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

(ബി) കെ. ടി. ഡി. സി.യുടെ സ്ഥാപനങ്ങൾ ഒന്നുംതന്നെ സ്വകാര്യ സ്ഥാപനങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടില്ല.

മാപ്പിളകലകൾ പരിശീലിപ്പിക്കാനും അവതരിപ്പിക്കാനും ഫെസിലിറ്റേഷൻ സെന്റർ

80 [1977] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, സി. മൊയിൻകുട്ടി:
,, നാലകത്ത് സൂപ്പി:
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മന്ദിരത്തോട് ചേർന്ന് മാപ്പിളകലകൾ പരിശീലിപ്പിക്കാനും അവതരിപ്പിക്കാനും ഉപയുക്തമായ ഒരു ഫെസിലിറ്റേഷൻ സെന്റർ കേരള വിനോദസഞ്ചാര വകുപ്പിന്റെ വകയായി നിർമ്മിക്കണമെന്ന് സ്മാരക കമ്മിറ്റി ചെയർമാനിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്തു നടപടി ഇതുവരെയായി സ്വീകരിച്ചു; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച ഒരു കത്ത് ശ്രീ. കെ. എൻ. എ. ഖാദർ എം. എൽ. എ.-യിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

(ബി) വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly